## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.1444**

**02/03/2017 ൽ**
**മറുപടിയ്ക്ക്**

### പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിദേശ തോട്ടണ്ടി ലഭിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവർ 2016-2017 എത്ര തവണ ടെണ്ടർ ക്ഷണിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) | വിദേശ തോട്ടണ്ടി ലഭിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ 2016-17 വർഷത്തിൽ 23 തവണയും കാപെക്സ് 14 തവണയും ടെണ്ടർ വിളിച്ചിട്ടുണ്ട്. |
| (ബി) | ടെണ്ടറിന് ഉണ്ടായ പ്രതികരണം എന്തായിരുന്നു ; വിദേശ തോട്ടണ്ടി ലഭിക്കാൻ സാദ്ധ്യതയുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | കശുവണ്ടി വികസന കോർപ്പറേഷൻ ഡയറക്ട്/ഹൈ സീ സെയിൽ അടിസ്ഥാനത്തിൽ 11 ടെണ്ടർ വിളിച്ചതിൽ 5 ടെണ്ടറിൽ ആരും പങ്കെടുത്തിട്ടില്ലാത്തതും, 4 എണ്ണത്തിൽ ഒരാൾ വീതം മാത്രവും, 2 ടെണ്ടറുകളിൽ മൂന്നും,അഞ്ചും ബിഡ് വീതവുമാണ് ഉണ്ടായിരുന്നത്. ഇംപോർട്ട് ചെയ്ത് വച്ചിരിക്കുന്ന ആഫ്രിക്കൻ തോട്ടണ്ടിയുടെ ടെണ്ടറിൽ 12 എണ്ണം വിളിച്ചതിൽ 3 എണ്ണത്തിൽ ആരും പങ്കെടുത്തിരുന്നില്ല. ഒരെണ്ണത്തിൽ ഒരാളും, 8 ടെണ്ടറിൽ രണ്ടും, മൂന്നും പേരും വീതം പങ്കെടുത്തിരുന്നു.<br>കാപെക്സിന്റെ 14 ടെണ്ടറുകളിൽ 6 എണ്ണത്തിൽ ആരും പങ്കെടുത്തില്ല. 3 ടെണ്ടറുകളിൽ ഒരു പാർട്ടി മാത്രം പങ്കെടുത്തു. ഒരു ടെണ്ടറിൽ 2 പേർ പങ്കെടുത്തു. മൂന്നോ അതിലധികമോ പേർ പങ്കെടുത്തത് 4 ടെണ്ടറുകൾ മാത്രമാണ്. പല കാരണങ്ങളാൽ നാല് ടെണ്ടറുകളും പ്രാവർത്തികമായില്ല. |

| | | | |
|---|---|---|---|
| (സി) | പ്ലാന്റേഷൻ കോർപ്പറേഷൻ വഴി നാടൻ തോട്ടണ്ടി വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ ; | (സി) | പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർ ഗോഡ്, നാട്ടുകാണി, രാജപുരം, ചീമേനി തുടങ്ങിയ എസ്റ്റേറ്റുകളിൽ നിന്ന് തോട്ടണ്ടി ശേഖരിച്ച് വരുന്നു. |
| (ഡി) | പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്ത നക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്ത മാക്കാമോ ? | (ഡി) | വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിച്ച് മാർച്ച്-ഏപ്രിൽ മാസത്തോടുകൂടി കശുവണ്ടി ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ